
ജോൺസി ജേക്കബിന്റെ ആത്മകഥ 'ഹരിത ദർശനം' പ്രകൃതിയെക്കുറിച്ചുള്ള അദ്ദേഹം പറയാതെ പോയ നിരവധി പുതിയ പാഠങ്ങൾ വാനയക്കാർക്കും വലിയ സമ്പത്തായി ജോൺസി മാഷ് കരുതിയിരുന്ന ശിഷ്യ ഗണങ്ങൾക്കും പകർന്ന് നൽകുന്നു.

# പ്രകൃതിദർശനത്തിന്റെ പൊരുൾ

രേഖ

തലമുറകളിലേക്ക് പരിസ്ഥിതി പാഠങ്ങൾ സന്നിവേശിപ്പിച്ച ഹരിത ദാർശനികൻ ജോൺസി ജേക്കബിന്റെ ആത്മകഥ 'ഹരിത ദർശനം' പ്രകൃതിയെക്കുറിച്ചുള്ള അദ്ദേഹം പറയാതെ പോയ നിരവധി പുതിയ പാഠങ്ങൾ വാനയക്കാർക്കും വലിയ സമ്പത്തായി ജോൺസി മാഷ് കരുതിയിരുന്ന ശിഷ്യഗണങ്ങൾക്കും പകർന്ന് നൽകുന്നു. 1960 മുതൽ 2007 വരെയുള്ള കാലത്ത് നമ്മുടെ പരിസ്ഥിതിരംഗത്തുണ്ടായ സുപ്രധാന സംഭവങ്ങളെ ലളിതമായ രീതിയിൽ ജോൺസി ആത്മകഥയിൽ വിശദീകരിക്കുന്നു. പ്രകൃതിയെന്ന അറിവിന്റെ ഖനിയിലേക്കുള്ള വഴികൾ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ അദ്ദേഹം നമുക്കായി തുറന്നിടുന്നു. പ്രകൃതിയെ അറിയാനായി അദ്ദേഹം സഞ്ചരിച്ച വഴികളിലെ അനുഭവ തീവ്രത തന്നെയാണ് ഈ ആത്മകഥയേയും അനുഭവേദ്യമാക്കുന്നത്.

ബാല്യകാലത്തെ കോട്ടയത്തെ 'സുറിയാനി' ക്രിസ്ത്യൻ ചുറ്റുവട്ടത്തിലെ ജീവിതവും സ്കൂൾ പഠന കാലവും പറഞ്ഞുകൊണ്ടാണ് ജോൺസിയുടെ ആത്മകഥനം ആരം ഭിക്കുന്നത്. സി. എം. എസ് കോളേജി ലെയും മദ്രാസ് ക്രിസ്ത്യൻ കോളേ ജിലേയും ബോട്ടണി പഠനകാലത്തെ അനുഭവങ്ങൾ, സെൻ ഗുരുക്കൻമാരെപ്പോലെ ക്രൂരമായ ശിക്ഷണങ്ങൾ



നൽകി യിരുന്ന ജോഷ്വാ എന്ന അധ്യാപകന്റെ സാന്നിദ്ധ്യം, കുന്തുക്കലിലേക്ക് മറൈൻ ജന്തു വൈവിദ്ധ്യം തേടി നടത്തുന്ന യാത്രയുമെല്ലാം കൗമാരകാലത്ത് ജോൺസിയെന്ന പരിസ്ഥിതി പ്രേമി രൂപപ്പെട്ടതിന്റെ വഴികൾ നമുക്ക് പറഞ്ഞ് തരുന്നു.

പിന്നെ കോഴിക്കോടേ ദേവഗിരി കോളേജിലെ അധ്യാപന ജീവിത കാലത്തെക്കുറിച്ചാണ് ജോൺസി പറയുന്നത്. ദേവഗിരിയിൽ വച്ച് വിദ്യാർത്ഥികൾക്കൊപ്പം നടത്തിയ നിരവധി പഠനയാത്രകൾ ജോൺസിയുടെ കാഴ്ചകളേയും വിശാലമാക്കി. പഠനയാത്രയ്ക്കിടയിൽ മംഗലാപുരത്ത് നിന്ന് കോഴിക്കോട്ടേക്ക് ട്രെയിനിൽ നടത്തിയ യാത്രയിൽ കേരളത്തിന്റെ ഭൂപ്രകൃതിയെ ആദ്യമായി ആഴത്തിൽ അറിയാൻ കഴിഞ്ഞ അനുഭവം അന്ന് കാഴ്ചകൾ കണ്ടപ്പോഴുണ്ടായ അതേ ആഹ്ലാദത്തിൽ ജോൺസി വിവരിക്കുന്നുണ്ട്.

പിന്നീട് ജോൺസിയുടെ ജീവിതത്തിലെ നിർണ്ണായക കാലഘട്ടമായിരുന്ന പയ്യന്നൂർ കോളേജിലെ ജീവിതമാണ് പുസ്തകം പറയുന്നത്. മലബാർ ക്രിസ്ത്യൻ കോളേജിൽ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയുടെ മാതൃകയിൽ അദ്ദേഹം അവിടെ ജന്തുശാസ്ത്രക്ലബ് രൂപീകരിക്കുന്നു. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും കാരണം പ്രകൃതിയോടുള്ള തെറ്റായ സമീപനമാണ്. അതുകൊണ്ട് പ്രശ്ന പരിഹാരത്തിന് പ്രകൃതിയെ സമീപിക്കുകയാണ് വേണ്ടത് എന്ന വിശ്വാസപ്രമേയത്തിൽ 1972-ൽ ആരംഭിച്ച ജന്തുശാസ്ത്ര ക്ലബാണ് കേരളത്തിലെ പരിസ്ഥിത പ്രവർത്ത നങ്ങളുടെ ആദ്യകാല മാതൃക. അന്നത്തെ പ്രവർത്തനങ്ങളും ക്യാമ്പനുഭവങ്ങളും ജോൺസി പങ്കുവെയ്ക്കുന്നു. ജന്തുശാസ്ത്ര ക്ലബിനായി കുട്ടികൾ അവതരിപ്പിച്ച സിമ്പോസിയങ്ങൾ കൂട്ടിച്ചേർത്ത് 'മൈന' എന്ന പേരിൽ ജോൺസി ആദ്യമായി തുടങ്ങിയ പ്രസിദ്ധീകരണത്തിന്റെ കഥയും പറയുന്നുണ്ട്. കേരളത്തിൽ ആദ്യമാ

യി ജന്തുശാസ്ത്ര പ്രദർശനവും നേച്ചർ ക്യാമ്പും അന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. 1974ൽ എടാട്ട് സ്കൂളിൽ നടന്ന ക്യാമ്പിൽ ഇന്ദുചൂഡനും, പ്രൊഫ. എം.കെ. പ്രസാദും പങ്കെടുത്തു. സൈലന്റ്‌വാലിയെ സംരക്ഷിക്കാൻ വിദ്യാർത്ഥികൾ എന്തെങ്കിലും ചെയ്യണമെന്ന എം. കെ. പ്രസാദിന്റെ ആ ക്യാമ്പിലെ ആഹ്വാനത്തിൽ നിന്നാണ് സൈലന്റ്‌വാലി സമരം പിന്നീട് ജോൺസിയുടെ നേതൃത്വത്തിൽ വലിയൊരു പ്രക്ഷോഭമായി മാറിയത്.

'സൂചിമുഖി മാസിക ആരംഭിച്ച ശേഷം അതിൽ ഇന്ദിരാഗാന്ധിയുടെ മരണത്തെ തുടർന്ന് അടിയന്തരാവസ്ഥയുടെ കരിനിഴൽ മാറുന്നതിന് മുമ്പ് പ്രസിദ്ധീകരിച്ച 'ഇന്ദിരാഗാന്ധിയുടെ മരണം:- ഒരു പോസ്റ്റ്മോർട്ടം' എന്ന ഡോ. ബേബി വർഗീസിന്റെ പരിഹാസ രൂപത്തിലുള്ള ലേഖനം ജോൺസിയെ 'രാജ്യദ്രോഹിയാക്കി' മാറ്റിയ കഥയും അദ്ദേഹം വായനക്കാരുമായി പങ്കുവെയ്ക്കുന്നു. സീക്കിന്റേയും ഒരേ ഭൂമി ഒരേ ജീവന്റേയും രൂപീകരണവും അമൃതത്തിലെ ജീവിതവും നാടോടിയായി നടന്ന അനുഭവങ്ങളുമൊക്കെ അദ്ദേഹം വിവരിക്കുമ്പോൾ കേരളത്തിലെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ ചരിത്രം കൂടിയാണ് നമുക്ക് ലഭിക്കുന്നത്.

അദ്ദേഹത്തിന്റെ ദാർശനികമായ ചില കാഴ്ചപ്പാടുകളും ഹരിത ആത്മീയതയുടെ രഹസ്യവും സത്യവുമൊക്കെ വിവരിച്ചുകൊണ്ടാണ് ജോൺസി ആത്മകഥയുടെ അവസാനഭാഗങ്ങൾ എഴുതിയിരിക്കുന്നത്.

സംഭവബഹുലമായ ജീവിതാനുഭവങ്ങളിലൂടെ കൂട്ടിക്കൊണ്ട് പോയ ശേഷം ലളിതമായ ജീവിതത്തിന്റെ സൗന്ദര്യത്തിലേക്കും സാഹോദര്യത്തിന്റെ മഹത്വത്തിലേക്കുമാണ് അദ്ദേഹം വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്. അതുന്നെ യായിരുന്നു ജോൺസി മാഷിന്റെ മഹത്വവും അദ്ദേഹം പറഞ്ഞ പ്രകൃതിദർശനത്തിന്റെ പൊരുളും.

*കേരളീയം, തൃശൂർ-21*


പുസ്തകപരിചയം

# 'എൻമകജെ' എൻഡോസൾഫാൻ ദുരന്തത്തിന് ഒരു സാഹിത്യഭാഷ്യം

കെ. സന്ദീപ്

**എൻമകജെ**
അംബികാസുതൻ മാങ്ങാട്

പ്രസാധനം :
ഡിസി ബുക്സ്
കോട്ടയം



പരിസ്ഥിതിയെ വിഷയമാക്കി ഒരു ഗ്രാമം കഥാപാത്രമായി അവതരിക്കുന്ന നോവലാണ് അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ'. എൻഡോസൾഫാൻ പ്രയോഗം ഒരു ജനതക്ക് സമ്മാനിച്ച ദുരിതങ്ങളെ അതേ തീവ്രതയോടെയാണ് എൻമകജെ എന്ന ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. പാരിസ്ഥിതിക ആഘാതത്തിന്റെ ഞെട്ടിപ്പിക്കുന്ന ദൃശ്യങ്ങൾ നോവലിൽ മുഴുവൻ നമ്മെ അലോസരപ്പെടുത്തുന്നു. മൂന്നു പതിറ്റാണ്ടു കാലം പ്രയോഗിച്ച എൻഡോസൾഫാൻ തകിടം മറിച്ച ജീവിതങ്ങളും പരിസരവും ദയനീയമായി നമ്മെ നോക്കി വിലപിക്കുന്നു. വിഷമഴയുടെ ദുരന്തത്തിൽ മറഞ്ഞുപോയ ബാലകൃഷ്ണനായ്ക്കും, സൈനബയും കുമാരൻ മാഷും പിന്നെ അരജീവിതവുമായി യാത്ര തുടരുന്ന മറ്റനേകം പേരും നോവലിൽ എവിടെയൊക്കെയോ കടന്നു വന്ന് നമ്മളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. പുരുഷൻ, സ്ത്രീ എന്ന രണ്ട് യാഥാർഥ്യങ്ങളും അവർക്കിടയിലേക്ക് കടന്നു വരുന്ന പാതി വളർന്ന കുഞ്ഞുമാണ് നോവലിന് തുടക്കമിടുന്നത്. എൻഡോസൾഫാൻ വിഷമഴയുടെ ഇരയായി മാറിയ ആ കുഞ്ഞ് നോവലിനെ പലയിടങ്ങളിലേക്കും കൊണ്ടു ചെന്നെത്തിക്കുന്നു. മിത്തും യാഥാർഥ്യം ഇടകലർത്തിയാണ് നോവലിൽ പ്രശ്നങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. നഷ്ടപ്പെട്ടു പോകുന്ന പ്രദേശികത സ്വത്വങ്ങളെയും ഭാഷയെയും തിരിച്ചു കൊണ്ടുവരാനുള്ള ശ്രമം നോവൽ നടത്തുന്നുണ്ട്.

പ്രകൃതിയുമായി ഒട്ടിച്ചേർന്ന ജീവിതങ്ങളും പിന്നീട് പ്രകൃതിയിൽ നിന്നും പുറന്തള്ളപ്പെട്ടു പോകുന്ന ജീവിതങ്ങളും ഒരേപോലെ ഇവിടെ വിഷയമാകുന്നു. മനുഷ്യൻ നശിപ്പിച്ചു കൊണ്ടിരിക്കുന്ന പ്രകൃതിയെ തിരിച്ചു പിടിക്കേണ്ട ആവശ്യകതയെക്കുറിച്ചാണ് നോവൽ ഉടനീളം വാചാലമാവുന്നത്. നോവൽ അവസാനത്തിൽ പ്രകൃതിയെന്ന ഗുഹയിലേക്ക് അഭയം തേടി വരുന്ന ദേവയാനിയോടും നീലകണ്ഠനോടും അഭയം വേണമെങ്കിൽ അരയിൽ ചുറ്റിയ ജീർണ്ണത വലിച്ചെറിയാൻ ഗുഹ ആജ്ഞാപിക്കുന്നുണ്ട്. നാനാജാതി മൃഗങ്ങൾ വസിക്കുന്ന ഗുഹയിലേക്ക് ജീർണ്ണത വലിച്ചെറിഞ്ഞ് അവർ പ്രവേശിക്കുന്നു. നമ്മൾ ഓരോരുത്തരും ഇത്തരം ജീർണ്ണത ശരീരത്തോട് ചേർത്ത് വെച്ച് നടക്കുന്നുണ്ടെന്ന ചില തിരിച്ചറിവ് നൽകി നോവൽ അവസാനിക്കുന്നു.

*ജനയുഗം, കണ്ണൂർ*